# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 250

19-06-2018 ൽ മറുപടിയ്ക്ക്

## കേരള മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി :<br>ശ്രീ. എ. എൻ. ഷംസീർ :<br>ശ്രീ.എ. പ്രദീപ്കുമാർ :<br>ശ്രീ. എം. മുകേഷ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേരള മാരിടൈം ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; തുറമുഖ വികസനത്തിനും ചരക്കു കപ്പലുകളെ ആകർഷിക്കാനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) 16/09/2017-ൽ നിലവിൽ വന്ന കേരളാ മാരിടൈം ബോർഡ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി 02/2/2018 ൽ കേരളാ മാരിടൈം ബോർഡിൽ ചെയർമാനേയും മറ്റ് അംഗങ്ങളേയും ഉൾപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും മാരിടൈം ബോർഡുമായി ബന്ധപ്പെട്ട പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ചട്ടങ്ങൾ നിലവിൽ വരുന്നതോടെ തുറമുഖ ഡയറക്ടറേറ്റ്, കേരളാ സ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള മാരിടൈം സൊസൈറ്റി എന്നിവ ബോർഡിന്റെ ഭാഗമാകുന്നതാണ്.<br><br>സംസ്ഥാനത്ത് തീരദേശകപ്പൽ ഗതാഗത പദ്ധതി പ്രകാരം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ , വെയിംഗ് മെഷീൻ , ട്രക്ക് മൗണ്ടഡ് ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 20 കോടി രൂപ മുതൽ മുടക്കിൽ കൊല്ലം തുറമുഖത്ത് 100 മീറ്റർ വാർഫിന്റെ പണി പൂർത്തിയായി വരുന്നു. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വാർഫിന്റെ ബാക്കിഭാഗം നിർമ്മിക്കുന്നതിന് സാങ്കേതിക പഠനത്തിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 200 മീറ്റർ വാർഫിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ചെറുകിട തുറമുഖങ്ങളുടെ ആഴം വർധിപ്പിക്കുന്നതിന് |

സാമ്പത്തിക / സാങ്കേതിക സാദ്ധ്യതാപഠനം നടത്തുന്നതിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ചെറുകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്കുള്ള ഇൻസെന്റീവ് മെട്രിക് ടണ്ണിന് 3 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | റോഡിൽ ചരക്ക വാഹനങ്ങളുടെ ആധിക്യത്തിന്റെ ഫലമായുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും അപായകരമായ ചരക്കുകൾ സുരക്ഷിതമായി കടത്തുന്നതിനും കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | ദേശീയ ജലപാതയും അനുബന്ധ സംസ്ഥാന ജലപാതകളും വിപുലീകരിച്ച് തീരദേശ കപ്പൽ ഗതാഗത പദ്ധതി വഴി റോഡ് / റെയിൽ മാർഗ്ഗം നീങ്ങുന്ന ചരക്കുകളെയും യാത്രക്കാരെയും താരതമ്യേന ചെലവ് കുറഞ്ഞതും പാരിസ്ഥിതിക സൗഹാർദ്ദവുമായ ജലഗതാഗത മേഖലയിലേക്ക് ആകർഷിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. നിലവിൽ റോഡ് / റയിൽ മാർഗ്ഗം നീക്കം ചെയ്യുന്ന ചരക്കിന്റെ 40% 2020 ഓടെയും 50% 2030 ഓടെയും തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യലക്ഷ്യം. തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ചെറുകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്കുള്ള ഇൻസെന്റീവ് മെട്രിക് ടണ്ണിന് 3 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിലെ ചാനലിന്റേയും ബേസിന്റേയും ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊന്നാനി തുറമുഖം 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്ന തരത്തിലാണ് നിർമ്മാണം നടത്തുന്നത്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെയാണ് വികസിപ്പിക്കുന്നത് . 46 കോടി മുതൽ മുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. അഴീക്കൽ തുറമുഖ വികസനത്തിനായി Special Purpose Vehicle രൂപീകരിച്ച് 496 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കുകയും വിശദ പഠനത്തിനായി ടെക്നിക്കൽ കൺസൾട്ടന്റിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി ചെറുകിട തുറമുഖങ്ങളിലേക്ക് റയിൽ / റോഡ് കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് രൂപരേഖ തയ്യാറാക്കാൻ Indian Port Rail Corporation- നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ , അഴീക്കൽ എന്നീ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) കേരളത്തിലെ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് യാത്രാകപ്പലുകളും അതിവേഗ യാത്രാബോട്ടുകളും സർവ്വീസ് ആരംഭിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കാനായി കൈക്കൊണ്ട നടപടികൾ അറിയിക്കാമോ? | (സി) കൊച്ചി-കോഴിക്കോട്, കൊച്ചി-തിരുവനന്തപുരം യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി മെസേഴ്സ്. സേഫ് ബോട്ട് ട്രിപ് പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റിൽ ഏർപ്പെട്ടുകയും അവർ കൊച്ചിയിൽ കൊണ്ടുവന്ന രണ്ട് കപ്പലുകൾക്ക് മർക്കൈന്റൈൻ മറൈൻ വകുപ്പിന്റെ അനുമതികൾ നേടുന്നതിന് സർവ്വേയും അനുബന്ധ ജോലികളും നടത്തിവരികയാണ്. എം.എം.ഡി-യുടെ അപ്രൂവൽ കിട്ടുന്ന മുറയ്ക്ക് കപ്പലുകൾ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ